# പതിമൂന്നാം കേരള നിയമസഭ

## (പന്ത്രണ്ടാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 149 01/12/2014-ൽ മറുപടിയ്ക്ക്

### തീരദേശ നിയന്ത്രണ നിയമപ്രകാരമുള്ള നിയന്ത്രണങ്ങൾ

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ:<br>ശ്രീ. കെ. ദാസൻ:<br>ശ്രീ. ബി. ഡി. ദേവസ്സി:<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) തീരദേശ നിയന്ത്രണ നിയമം മത്സ്യത്തൊഴിലാളികൾക്ക് വീണ്ടും ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തീരദേശ പരിപാലന അതോറിറ്റി നേരത്തെ പുറപ്പെടുവിച്ച സർക്കുലറുകളിൽ മരവിപ്പിക്കപ്പെട്ട ഏതെല്ലാം സർക്കുലറുകളാണ് പുനരുജ്ജീവിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) സർക്കുലറുകൾ ഒന്നും തന്നെ മരവിപ്പിച്ചിട്ടില്ല. |
| (സി) തീരദേശനിയന്ത്രണ നിയമം കർശനമായി നടപ്പിലാക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച സർക്കുലറുകളിലെ പ്രമുഖ നിർദ്ദേശങ്ങൾ വിശദമാക്കാമോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (സി) തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ അന്തസത്ത, വിജ്ഞാപനത്തെ അധികരിച്ച് തീരദേശമേഖലയിലെ പ്രവർത്തനങ്ങൾക്ക് മുൻകൂർ അനുമതി വാങ്ങേണ്ടതിന്റെ ആവശ്യകത, അപേക്ഷയോടൊപ്പം നൽകേണ്ട വിശദാംശങ്ങൾ, അപേക്ഷയുടെ രൂപം. നിലവിലുള്ള നിയമങ്ങളുടേയും ബഹു. ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടേയും പരാമർശത്തിന്റെയും അടിസ്ഥാനത്തിൽ സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പാലിക്കാത്തത് അത്യന്തം ഗൗരവതരമായി കാണുമെന്നും, അത്തരം പ്രവർത്തനങ്ങൾക്കെതിരെ 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമെന്നും ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുക എന്നീ കാര്യങ്ങളാണ് സർക്കുലറിൽ പ്രതിപാദിക്കുന്നത്. (സർക്കുലറിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു). |
| (ഡി) തീരദേശമേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ റിസോർട്ടുകൾക്ക് ബാധകമല്ലാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | (ഡി) തീരദേശ പരിപാലന മേഖലയിൽ മത്സ്യത്തൊഴിലാളികൾക്ക് വീടു വക്കുന്നതിനുള്ള നിബന്ധനകളെക്കാൾ കർക്കശമായ നിബന്ധനകളാണ് റിസോർട്ട് നിർമ്മാണത്തിന് ബാധകമായിട്ടുള്ളത്. റിസോർട്ടുകൾക്ക് ഈ നിയമങ്ങൾ ബാധകമാകാത്ത പ്രശ്നം ഉദിക്കുന്നില്ല. |

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്